വരുന്നത്. ഇതു സംബന്ധിച്ച് പരാതികളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല. രാജ്യത്തിന്റെ മറ്റുവിഭാഗങ്ങളിൽ ന്യൂനപക്ഷങ്ങൾക്കെതിരായി വ്യത്യസ്ത അക്രമങ്ങൾ ഉണ്ടായ ഘട്ടത്തിൽപോലും കേരളത്തിൽ നിന്നും കടന്നാക്രമണങ്ങളിൽ നിന്ന് പൂർണ്ണ സംരക്ഷണം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നടക്കുന്ന മിക്ക കോളേജുകളിലും വ്യത്യസ്ത പ്രശ്നങ്ങളുടെ പേരിൽ വിദ്യാർത്ഥി സമരം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എസ്.എഫ്.ഐ., കെ.എസ്.യു. തുടങ്ങിയ സംഘടനകൾ ഇത്തരം കോളേജുകളിൽ സമരം നടത്തിയിരുന്നു.

പി.എസ്.സി. മുഖേന തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്ത സാഹചര്യം ഒഴിവാക്കാൻ നടപടി

38 (38) ശ്രീ. പി. കെ അബ്ദുറബ്ബ് :

ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ സംബന്ധിച്ച് സുപ്രീംകോടതി വിധിയെ തുടർന്ന് കെ.പി.എസ്.സി. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിന് സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു ;

(ബി) ഇനിയും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;

(സി) റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) നിയമനങ്ങൾ നടക്കാത്തതുമൂലം സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ?

ഉത്തരം

(എ-ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി മൂന്ന് മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന് പി.എസ്.സി.യോട് ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ ജി. ഒ(പി.)15/2000/ എസ്.സി.എസ്.ഡി. നമ്പരിൽ 16-2-2000-ലെ ഉത്തരവ് പ്രകാരം നിയമനനിരോധനം പിൻവലിച്ചിട്ടുള്ളതിനാൽ നിയമനങ്ങൾ നടക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിച്ചിട്ടുണ്ട്.

നിർത്തിവയ്ക്കപ്പെട്ട പി.എസ്.സി. നിയമനങ്ങൾ

39 (39) ശ്രീ. കെ. ടി . കുഞ്ഞഹമ്മദ് :

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ സംബന്ധിച്ച് സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിലുണ്ടായ സർക്കാർ നടപടിയെ തുടർന്ന് ഏതൊക്കെ റാങ്കുലിസ്റ്റുകളിലെ നിയമനങ്ങളാണ് നിർത്തിവയ്ക്കപ്പെട്ടതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly